പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2521

17.08.2017 -ലെ മറുപടിയ്ക്ക്

## തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് പ്രാധാന്യം നൽകുന്നതിന് പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.അബ്ദുറഹിമാൻ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് തൊഴിൽ വകുപ്പ് മുഖേന എത്ര പേർക്ക് പുതുതായി തൊഴിൽ നൽകാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ; | (എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വഴി 10872 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. |
| (ബി) തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് പ്രാധാന്യം നൽകുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ; | ബി) & സി) തൊഴിൽ വിപണിക്കനുസരിച്ച് തൊഴിൽ സാധ്യതയേറിയ മേഖലകൾക്കു മുൻതൂക്കം നൽകിയാണ് തൊഴിൽ വകുപ്പിന് കീഴിലുള്ള കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) പരിശീലന പദ്ധതികൾ വിഭാവന ചെയ്യുന്നത്. തൊഴിൽ ലഭ്യത 60% ഉറപ്പാക്കുമെന്ന മാനദണ്ഡമനുസരിച്ചാണ് KASE പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നതിനായി വ്യാവസായിക പങ്കാളികളെ തെരെഞ്ഞെടുക്കുന്നത്. നഴ്സിംഗ്, സെക്യൂരിറ്റി സർവീസസ്, ഓയിൽ ആന്റ് ഗ്യാസ്, ടീച്ചിംഗ്, എന്റർപ്രെണർഷിപ്പ്, വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ്, ആരോഗ്യ സൗന്ദര്യ സംരക്ഷണം, ബാങ്കിംഗ് ആൻഡ് ഫിനാൻസ്, മറൈൻ, ഇൻഡസ്ട്രിയൽ ഓട്ടോമേഷൻ, പെട്രോളിയം, ആയുർവേദം, മൾട്ടി മീഡിയ ആൻറ് ആനിമേഷൻ, ആർക്കിടെക്ചർ ആൻറ് ഇന്റീരിയർ ഡിസൈൻ, ഫിസിയോതെറാപ്പി, ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി, എഞ്ചിനീറിംഗ്, തുടങ്ങി വിവിധ മേഖലകളിൽ ഇതിനോടകം പരിശീലന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. തുടർന്നും വൈവിധ്യമാർന്ന തൊഴിൽ സാധ്യതയുള്ള മേഖലകളിൽ നിന്നും നിർദ്ദേശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് മുൻഗണന നൽകി പരിശീലന പദ്ധതികൾ നടപ്പാക്കി കൂടുതൽ ഉദ്യോഗാർത്ഥികൾക്കു തൊഴിൽ ലഭ്യമാക്കാനാണ് KASE ലക്ഷ്യമിടുന്നത്. |
| സി) തൊഴിൽ വകുപ്പിന് കീഴിൽ ആധുനിക തൊഴിൽ സാധ്യതകളുള്ള കൂടുതൽ സ്ഥാപനങ്ങളും കോഴ്സുകളും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | |

Sreelekha

**സെക്ഷൻ ഓഫീസർ**